# ദി ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്
## (ഒരു ഭാരത സർക്കാർ സംരംഭം)
## ഉദ്യോഗമണ്ഡൽ - 683501 ഫോൺ നമ്പർ : 2567424, 2567423, 9446425291 (Mob)

**എഫ്.എ.സി.ടിയിൽ അപ്രന്റിസ് ആക്ട് പ്രകാരം പരിശീലനം നൽകുന്നതിനു അപ്രന്റിസുകളെ തിരഞ്ഞെടുക്കുന്നു. താഴെപ്പറയുന്നവരെയാണ് തിരഞ്ഞെടുക്കുക.**

### 1. ഗ്രാജ്വേറ്റ് അപ്രന്റിസ്

**പരിശീലന കാലയളവ്:**
ഒരു വർഷം (പ്രതിമാസം സ്റ്റൈപ്പെന്റ് 10000 രൂപ)

**വിദ്യാഭ്യാസ യോഗ്യത :**
1.കമ്പ്യൂട്ടർ, 2.കമ്പ്യൂട്ടർസയൻസ്, 3.സിവിൽ, 4.കെമിക്കൽ, 5.മെക്കാനിക്കൽ, 6.ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, 7.ഇൻസ്ട്രുമെന്റേഷൻ & കൺട്രോൾ, 8.അപ്ലെയ്ഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ, 9. ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എന്നിവയിൽ (B.Tech / BE - UGC / AICT അംഗീകൃത റെഗുലർ കോഴ്സ്) നേടിയ എഞ്ചിനീയറിംഗ് ഡിഗ്രി.

**യോഗ്യത :**
എസ്സി / എസ്ടി വിഭാഗത്തിൽപ്പെട്ടവർക്ക് 50% മാർക്കും. മറ്റു വിഭാഗത്തിൽപ്പെട്ടവർക്ക് 60%ത്തിൽ കുറയാതെയുള്ള എഞ്ചിനീയറിംഗ് ഡിഗ്രി. എഞ്ചിനീയറിംഗ് ഡിഗ്രി പാസ്സായതിനു ശേഷം 2022 മാർച്ച് 31-ന് മൂന്ന് വർഷം കവിയാൻ പാടില്ല. BoAT സതേൺ റീജിയണിയിൽ കേരള രജിസ്ട്രേഷനുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.

**പ്രായപരിധി :**
2022 ജനുവരി 01ന് 25 വയസ്സ് കവിയരുത്. ജനറൽ - 02.01.1997 നോ അതിന് ശേഷമോ ജനിച്ചവർ. ഒ ബി സി - 02.01.1994 നോ അതിന് ശേഷമോ ജനിച്ചവർ. എസ് സി/എസ് ടി -02.01.1992 നോ അതിന് ശേഷമോ ജനിച്ചവർ.

**സംവരണം :**
നിയമാനുശ്രുതം. (എസ്സി/എസ്ടി/ഒബിസി/ഇഡബ്ലിയുഎസ്/പിഡബ്ലിയുബിഡി)

അപ്രന്റിസ്ഷിപ്പ് വിഭാഗവും ഒഴിവുകളുടെ എണ്ണവും:

| ക്രമ. നമ്പർ | വിഭാഗം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് / കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് | 4 |
| 2 | സിവിൽ എഞ്ചിനീയറിംഗ് | 3 |
| 3 | കെമിക്കൽ എഞ്ചിനീയറിംഗ് | 5 |
| 4 | മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 5 |
| 5 | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് | 4 |
| 6 | ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് / ഇൻസ്ട്രുമെന്റേഷൻ & കണ്ട്രോൾ എഞ്ചിനീയറിംഗ് / അപ്ലയ്ഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ്. | 3 |
| | ആകെ എണ്ണം | **24** |

### 2.ടെക്നീഷ്യൻ (ഡിപ്ലോമ) അപ്രന്റിസ്

**പരിശീലന കാലയളവ്:**
ഒരു വർഷം (പ്രതിമാസം സ്റ്റൈപ്പെന്റ് 8000 രൂപ)

**വിദ്യാഭ്യാസ യോഗ്യത:**
താഴെ പറയുന്ന ഏതെങ്കിലും വിഭാഗത്തിൽ മൂന്നു വർഷ എഞ്ചിനീറിങ്ങിൽ ഡിപ്ലോമ. (സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ അംഗീകൃത റെഗുലർ കോഴ്സ്) 1.കെമിക്കൽ 2.കമ്പ്യൂട്ടർ 3.സിവിൽ 4.ഇലക്ട്രിക്കൽ 5.ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് 6.ഇൻസ്ട്രുമെന്റേഷൻ 7.ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ 8.ഇൻസ്ട്രുമെന്റ് ടെക്നോളജി 9.മെക്കാനിക്കൽ 10. കൊമേർഷ്യൽ പ്രാക്ടീസ്.

**യോഗ്യത:**

എഞ്ചിനീയറിംഗ് ഡിപ്ലോമയും, ജനറൽ വിഭാഗത്തിന് യോഗ്യത പരീക്ഷയിൽ മിനിമം 60% മാർക്കും എസ്സി/എസ്ടി വിഭാഗത്തിന് മിനിമം 50% മാർക്കും ഉണ്ടായിരിക്കണം. ഡിപ്ലോമ പാസായതിന് ശേഷം **31.03.2022**ൽ **3 വർഷം** കവിയരുത്. BoAT സതേൺ റീജിയണിയിൽ കേരള രജിസ്ട്രേഷനുള്ള കേരളത്തിൽ നിന്നുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.

**പ്രായപരിധി:**

ജനറൽ വിഭാഗത്തിൽ ഉള്ളവർ 31-01-2022 -ൽ 23 വയസ്സ് കവിയാൻ പാടില്ല. ജനറൽ വിഭാഗം 02.01.1999 -ലോ അതിനുശേഷമോ ജനിച്ചവരും, ഒബിസി (NCL) വിഭാഗത്തിൽ ഉള്ളവർ 02.01.1996 -ലോ അതിനുശേഷമോ ജനിച്ചവരും, എസ്സി/എസ്ടി വിഭാഗത്തിൽ ഉള്ളവർ 02.01.1994 -ലോ അതിനു ശേഷമോ ജനിച്ചവരും ആയിരിക്കണം.

**സംവരണം:**

നിയമാനുശ്രുതം (എസ്സി/എസ്ടി/ഒബിസി/ഇഡബ്ലിയുഎസ്/പിഡബ്ലിയുബിഡി)

അപ്രൻറ്റിസ്ഷിപ്പ് ഉള്ള വിഭാഗവും ഒഴിവുകളുടെ എണ്ണവും:

| ക്രമ. നമ്പർ | വിഭാഗം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കെമിക്കൽ എഞ്ചിനീയറിംഗ് | 15 |
| 2 | കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് | 13 |
| 3 | സിവിൽ എഞ്ചിനീയറിംഗ് | 5 |
| 4 | ഇലക്ട്രിക്കൽ / ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് | 5 |
| 5 | ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റ് ടെക്നോളജി / ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് | 4 |
| 6 | മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 10 |
| 7 | കൊമേർഷ്യൽ പ്രാക്ടീസ് | 5 |
| | ആകെ | **57** |

**കുറിപ്പ്:**

മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അപേക്ഷകർക്ക് മാത്രമേ അപേക്ഷിക്കാൻ കഴിയൂ. മറ്റേതെങ്കിലും വിഷയത്തിൽ ബി.ടെക് എഞ്ചിനീയറിംഗ്/ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യമായ ബി.ടെക് എഞ്ചിനീയറിംഗ്/ഡിപ്ലോമ ഉള്ള അപേക്ഷകരെ പരിഗണിക്കില്ല.

**<u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>**

1. ഫാക്റ്റ് വെബ്സൈറ്റ് www.fact.co.in ൽ ലഭ്യമാക്കിയിട്ടുള്ള ഗ്രാജേറ്റ്/ഡിപ്ലോമ അപ്രൻറ്റിസുകൾക്കുള്ള അപേക്ഷ ഫോം **18.12.2021,4pm**-ന് മുമ്പ് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ഫാക്റ്റ് ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ് സെന്ററിൽ സമർപ്പിക്കേണ്ടതാണ്
2. അപേക്ഷ ഫോമിനൊപ്പം ഇനി പറയുന്ന രേഖകളുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി താഴെ പറയുന്ന വിലാസത്തിലേക്ക് അയക്കേണ്ടതാണ്.
   a) ഡിപ്ലോമയ്ക്കും ബിരുദധാരികൾക്കും മാർക്ക് ലിസ്റ്റ് സഹിതമുള്ള പത്താം ക്ലാസ് പാസായ സർട്ടിഫിക്കറ്റ്.
   b) ബിരുദധാരികൾക്ക് 12-ാം ക്ലാസ് പാസായ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും.
   c) ബിരുദം/ഡിപ്ലോമ പാസ് സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും
   d) എസ്സി/എസ്ടി വിഭാഗത്തിൽ ഉള്ളവർ ജാതി സർട്ടിഫിക്കറ്റും, ഒബിസി വിഭാഗത്തിൽ ഉള്ളവർ നോൺ-ക്രീമിലയർ (NCL) സർട്ടിഫിക്കറ്റും മുന്നോക്കക്കാരിലെ സാമ്പത്തിക സംവരണത്തിന് EWS സർട്ടിഫിക്കറ്റും (തഹസിൽദാരോ അതിനു മുകളിലുള്ള ഓഫീസറോ നൽകുന്ന ആറ് മാസത്തിനുള്ളിലുള്ളതോ സാധു ആയതോ ആയ സർട്ടിഫിക്കറ്റ്.) വികലാംഗ വിഭാഗത്തിൽ ഉള്ളവർക്ക് മെഡിക്കൽ ബോർഡ് നൽകുന്ന പിഡബ്ലിയുബിഡി സർട്ടിഫിക്കറ്റ്. വികലാംഗ വിഭാഗത്തിൽ ഉള്ളവരെ കമ്പ്യൂട്ടർ വിഭാഗത്തിലും കൊമേർഷ്യൽ പ്രാക്ടീസ് വിഭാഗത്തിലും മാത്രമേ പരിഗണിക്കുകയുള്ളു.
   e) ആധാർ കാർഡ്.
   f) H. R. ഡിപ്പാർട്മെന്റിൽ നിന്നും ലഭിക്കുന്ന ആശ്രിത സർട്ടിഫിക്കറ്റ് (ഫാക്ട് ജീവനക്കാരുടെ മക്കൾക്ക് മാത്രം).

**ഇമെയിൽ ഐഡിയും ഫോൺ നമ്പറും ശ്രദ്ധയോടു കൂടി പൂരിപ്പിക്കേണ്ടതാണ്. ഇവ പിന്നീടുള്ള ആശയവിനിമയത്തിന് അത്യാവശ്യമാണ്.**

3. അപൂർണ്ണവും, മുകളിൽ പറഞ്ഞിരിക്കുന്ന സർട്ടിഫിക്കറ്റുകൾ അടക്കം ചെയ്യാത്തതും ഒർജിനൽ സർട്ടിഫിക്കറ്റ് പകർപ്പ് ഇല്ലാത്തതും, വ്യക്തമല്ലാത്തതുമായ അപേക്ഷകൾ യാതൊരു മുന്നറിയിപ്പും ഇല്ലാതെ നിരസിക്കുന്നതായിരിക്കും.

4. യോഗ്യരായ അപേക്ഷകരുടെ പട്ടിക www.fact.co.in വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും തിരഞ്ഞെടുക്കപ്പെട്ടവരെ അവരുടെ ഇ-മെയിലിലൂടെ അറിയിപ്പ് നൽകുന്നതുമായിരിക്കും.
5. CGPA / Grade ലഭിച്ചിട്ടുള്ളവർ യൂണിവേഴ്സിറ്റി / ബോർഡിന്റെ പെർസന്റേജ് **കൺവെർഷൻ ഫോർമുല** അപേക്ഷയോടൊപ്പം അടക്കംചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം UPSC-യുടെ കൺവെർഷൻ ഫോർമുല ബാധകമായിരിക്കും.
6. അപ്രൻറ്റിസ്ഷിപ്പിന് അപേക്ഷിക്കുന്നവർ www.mhrdnats.gov.in എന്ന വെബ്സൈറ്റിൽ സ്റ്റുഡന്റ് ക്യാറ്റഗറിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും കേരള രജിസ്ട്രേഷനുള്ളവരും ആയിരിക്കണം.
7. എസ്സി, എസ്ടി, ഒബിസി, പിഡബ്ല്യൂബിഡി വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സിളവിനു അർഹത ഉണ്ടായിരിക്കും.(കമ്പ്യൂട്ടർ വിഭാഗത്തിലുള്ള അപ്രൻറ്റിസ്ഷിപ്പിലേക് മാത്രമേ പിഡബ്ല്യൂബിഡി വിഭാഗക്കാരെ പരിഗണിക്കുകയുള്ളു)
8. യോഗ്യതാ പരീക്ഷയിൽ നേടിയ 50% മാർക്കും (ഗ്രാജേറ്റ് & ഡിപ്ലോമ) പ്ലസ് ടുവിന് ലഭിച്ച മാർക്കിന്റെ 50% വെയ്റ്റേജ് ഗ്രാജുവേറ്റിനും പത്താം തരത്തിൽ ലഭിച്ച മാർക്കിന്റെ 50% വെയ്റ്റേജ് ഡിപ്ലോമക്കാർക്കും അടിസ്ഥാനമാക്കിയാണ് തിരഞ്ഞെടുക്കാനുള്ള മെറിറ്റ് ലിസ്റ്റ് തയ്യാറാക്കുന്നത്. മെറിറ്റ് ലിസ്റ്റിൽ തുല്യമായ മാർക്ക് വരുന്നപക്ഷം ബിരുദധാരികൾക്ക് മുൻഗണന ക്രമത്തിൽ പ്ലസ് ടു വിനു ലഭിച്ച മാത്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളുടെ മാർക്കിന്റെ അടിസ്ഥാനത്തിലും ഡിപ്ലോമക്കാർക്ക് മുൻഗണന ക്രമത്തിൽ പത്താം ക്ലാസ്സിൽ ലഭിച്ച മാത്സ്, സയൻസ് എന്നീ വിഷയങ്ങളുടെ മാർക്കിന്റെ അടിസ്ഥാനത്തിലുമായിരിക്കും തിരഞ്ഞെടുക്കുക.
9. തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകർ താമസമേൽവിലാസ തെളിവായി ആധാർ കാർഡും ചേരുന്ന സമയത്ത് ഇനിപ്പറയുന്ന രേഖകളും ഹാജരാക്കണം.
   i. പോയിന്റ് **2** -ൽ പറഞ്ഞിരിക്കുന്ന എല്ലാ അസൽ സർട്ടിഫിക്കറ്റുകളും
   ii. എല്ലാ രേഖകളുടെയും രണ്ട് സെറ്റ് സാക്ഷ്യപ്പെടുത്തിയ പകർപ്പ്
   iii. 6 പാസ്പോർട്ട് സൈസ് കളർ ഫോട്ടോ
   iv. ഉദ്യോഗാർത്ഥികൾ ജാതി / നോൺ-ക്രീമി ലെയർ സർട്ടിഫിക്കറ്റുകളുടെ അസലും, സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കണം.
   v. NATS രജിസ്ട്രേഷൻ ഐഡി. (www.mhrdnats.gov.in)
   vi. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്.
   vii. ഡിപൻഡൻസി സർട്ടിഫിക്കറ്റ് (FACT ജീവനക്കാരുടെ മക്കൾക്ക് മാത്രം)
   viii. സാധുവായ ലാബ് റിപ്പോർട്ടുകൾക്കൊപ്പം നിശ്ചിത ഫോർമാറ്റിൽ ലഭിച്ച മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.
   ix. ചേരുന്ന തീയതിക്ക് 1 മുതൽ 3 ദിവസം മുമ്പ് എടുത്ത ഒരു സാധുവായ നെഗറ്റീവ് കോവിഡ് -19 ടെസ്റ്റ് റിപ്പോർട്ടും (RTPCR) കോവിഡ് -19 വാക്സിനേഷൻ സർട്ടിഫിക്കറ്റും.
10. സ്റ്റൈപ്പന്റ് തുകയും പരിശീലന കാലയളവും അപ്രൻറ്റിസ്ഷിപ്പ് ആക്റ്റ്ന് അനുസൃതമായിരിക്കും.
11. ഫാക്ട് മറ്റൊരു വെബ്സൈറ്റിനെയും ഈ പരസ്യം പ്രസിദ്ധീകരിക്കാൻ നിയോഗിച്ചിട്ടില്ല, തെറ്റായ വിവരങ്ങൾ മറ്റേതെങ്കിലും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചാൽ ഫാക്ട് ഉത്തരവാദി ആയിരിക്കുന്നതല്ല.
12. പരസ്യത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ കമ്പനിയുടെ ഔദ്യോദിക വെബ്സൈറ്റ് ആയ www.fact.co.in ൽ മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളു.
13. ഈ വിജ്ഞാപനവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഫാക്ട് എടുക്കുന്ന തീരുമാനം അന്തിമം ആയിരിക്കും. കാരണങ്ങൾ വ്യക്തമാക്കാതെ ഈ പരസ്യം റദ്ദ് ആക്കാനുള്ള അവകാശം ഫാക്ട്ന് ഉണ്ടായിരിക്കും.
14. ഫാക്ട് ജീവനക്കാരുടെ ആശ്രിതർ, ചേരുമ്പോൾ എച്ച്ആർ ഡിപ്പാർട്ട്മെന്റിൽ നിന്ന് നൽകുന്ന ഡിപൻഡൻസി സർട്ടിഫിക്കറ്റ് കൊണ്ടുവരണം.
15. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി **2021 ഡിസംബർ 18** വൈകുന്നേരം 4 മണിവരെയാണ്. അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കില്ല.

അപേക്ഷ ഫോമും നിർദേശങ്ങൾ No.2ൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ രേഖകളും താഴെപ്പറയുന്ന വിലാസത്തിൽ അയക്കേണ്ടതാണ്:

**ഡെപ്യൂട്ടി മാനേജർ (ട്രെയിനിങ് )**
**ഫാക്ട് ട്രെയിനിങ് & ഡെവലപ്മെൻറ് സെന്റർ**
**ഉദ്യഗമണ്ഡൽ**
**എലൂർ**
**എറണാകുളം ജില്ല**
**PIN-683501.**

**23.11.2021**

**ഡെപ്യൂട്ടി മാനേജർ**
(ട്രെയിനിങ്)